പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.330 — 07.08.2017 ൽ മറുപടിയ്ക്ക്

## അരി വില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.അനൂപ് ജേക്കബ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അരിവില വർദ്ധിച്ച് കിലോയ്ക്ക് 55 രൂപ കടന്നത് സാധാരണക്കാരെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് അരി വില കിലോ ഗ്രാമിന് 55 രൂപ കടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വിൽപ്പനശാലകൾ വഴി സബ്സിഡി നിരക്കിൽ അരി വിതരണം ചെയ്യുകയും, പ്രത്യേക അരിക്കടകൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതിനാൽ അരിവില ക്രമാതീതമായി ഉയരുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്. |
| (ബി) അരിവില ക്രമാതീതമായി വർദ്ധിച്ചത് പൊതുവിപണിയിൽ ഇടപെടുന്നതിൽ സർക്കാരിനുണ്ടായ പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ഓണക്കാലത്ത് കുറഞ്ഞവിലയ്ക്ക് അരി ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ഡി) ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രായിലെ കർഷകരിൽ നിന്നും നേരിട്ട് അരി സംഭരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ? | (സി) യും (ഡി) യും ഓണക്കാലത്ത് വിപണിയിടപെടലിന്റെ ഭാഗമായി നിലവിലുള്ള വിൽപ്പനശാലകൾക്കു പുറമേ പ്രത്യേക ഓണച്ചന്തകളും ഫെയറുകളും വഴി സബ്സിഡി നിരക്കിൽ ജയ അരി, മട്ടയരി, കുറുവ അരി എന്നീ ജനപ്രിയ ഇനങ്ങൾക്കുപുറമേ FCI OMSS പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട് കൂടാതെ ഇടനിലക്കാരെ ഒഴിവാക്കി വിലവർദ്ധനവ് തടയുന്നതിനും അരി ലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി ഉന്നത തല സംഘം, ആന്ധ്രാപ്രദേശ് സർക്കാർ തലത്തിൽ ചർച്ചകൾ നടത്തുകയും ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി മില്ലുകളിൽ നിന്നും നേരിട്ട് അരി വാങ്ങി വിപണികളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ